പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4729 | 26-06-2019-ലെ മറുപടിയ്ക്ക്

**പ്രളയശേഷമുള്ള കാലാവസ്ഥാ വ്യതിയാനവും കാർഷികോല്പാദനവും**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയത്തിനുശേഷം ഉണ്ടായ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും അത് സംസ്ഥാനത്തെ കാർഷിക വിളകളെ എപ്രകാരം ബാധിച്ചുവെന്നും പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കാലാവസ്ഥ വ്യതിയാനങ്ങളായ മഴയുടെ കുറവ്, ഊഷ്മാവിലുള്ള വ്യതിയാനം, അന്തരീക്ഷ ഈർപ്പ വ്യത്യാസം എന്നിവ വിളകളുടെ ഉല്പാദനത്തിൽ കുറവ് ഉണ്ടാക്കിയിട്ടുണ്ട്. പ്രഥമ വിവര റിപ്പോർട്ട് പ്രകാരമുള്ള നഷ്ടത്തിന്റെ തോത് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രളയത്തിനുശേഷം വയനാട്ടിൽ കുരുമുളകിന് ദ്രുതവാട്ടവും കമുകിനും നേന്ത്രവാഴയ്ക്കും മഞ്ഞളിപ്പും വ്യാപകമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | പ്രളയത്തിന് ശേഷം മണ്ണിന് അമ്ലത കൂടിയതിനാൽ അവശ്യ മൂലകങ്ങൾ നഷ്ടപ്പെട്ടുകയും കാർഷിക വിളകൾക്ക് പ്രത്യേകിച്ച് കുരുമുളകിന് ദ്രുതവാട്ടവും, കമുക്, നേന്ത്ര വാഴ എന്നിവയ്ക്ക് മഞ്ഞളിപ്പും വ്യാപകമാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | രോഗബാധയും കാലാവസ്ഥാ വ്യതിയാനവും മൂലം കുരുമുളകിന്റെ ഉല്പാദനം കുത്തനെ കുറഞ്ഞിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | വയനാട്ടിന് പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് പ്രളയാനന്തരമുള്ള അവിടുത്തെ സ്ഥിതി പഠിച്ച നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി ശിപാർശ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള തീരുമാനം എന്താണ്? | (ഡി) | ഉണ്ട്. ശിപാർശയിൻമേൽ കൃഷി ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയുടെ കാർഷിക സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവ്വേകാൻ വയനാട് പാക്കേജിനായി 1700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ സമഗ്ര കുരുമുളക് വികസനത്തിനായി 1000 ലക്ഷം രൂപയും 620 ലക്ഷം രൂപ വെള്ളപ്പൊക്ക ദുരിതങ്ങൾക്കായും 50 ലക്ഷം രൂപ ജാതികൃഷി വിസ്തൃതി വ്യാപിപ്പിക്കുന്നതിനുമായിട്ടാണ് വകയിരുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം</u>

| പ്രളയശേഷമുണ്ടായ വരൾച്ച മൂലം കാർഷിക വിളകൾക്ക് ഉണ്ടായ നാശനഷ്ടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് | | | | | | |
|---|---|---|---|---|---|---|
| ക്രമ നം. | ജില്ല | കൃഷി നാശം സംഭവിച്ച വിസ്തീർണ്ണം (ha) | കർഷകരുടെ എണ്ണം | കണക്കാക്കിയ തുക (ലക്ഷത്തിൽ) | അനുവദിക്കേണ്ട തുക | അഭിപ്രായം |
| 1 | തിരുവനന്തപുരം | 0.0 | 0 | 0.00 | 0 | |
| 2 | കൊല്ലം | 87.3 | 592 | 311.29 | 3,762,650 | |
| 3 | ആലപ്പുഴ | 576.6 | 1320 | 1,402.54 | 11,012,605 | |
| 4 | പത്തനംതിട്ട | 18.6 | 89 | 95.20 | 1,393,250 | |
| 5 | കോട്ടയം | 244.8 | 504 | 1,499.99 | 27,440,500 | |
| 6 | ഇടുക്കി | 161.5 | 927 | 1,577.07 | 6,772,200 | |
| 7 | എറണാകുളം | 0.0 | 0 | 0.00 | 0 | |
| 8 | തൃശ്ശൂർ | 553.5 | 319 | 1,060.43 | 7,918,500 | |
| 9 | പാലക്കാട് | 416.6 | 1124 | 810.70 | 6,246,905 | |
| 10 | മലപ്പുറം | 225.2 | 543 | 667.02 | 9,332,155 | |
| 11 | കോഴിക്കോട് | 0.0 | 0 | 0.00 | 0 | |
| 12 | വയനാട് | 0.0 | 0 | 0.00 | 0 | |
| 13 | കണ്ണൂർ | 226.7 | 315 | 488.98 | 4,622,150 | |
| 14 | കാസർഗോഡ് | 51.6 | 2047 | 287.11 | 6,554,950 | |
| ആകെ | | **2562.5** | **7780** | **8200.32** | **8,50,55,865** | |

സെക്ഷൻ ഓഫീസർ